KERALA STATE EXCISE DEPARTMENT

vimukthi kerala  vimukthi kerala
vimukthi  www.vimukthi.kerala.gov.in

കേരള സർക്കാർ

കേരളസംസ്ഥാന
ലഹരിവർജ്ജന മിഷൻ

ലഹരി വർജ്ജന മിഷൻ
വിമുക്തി
ജീവിതം തന്നെ ലഹരി




# വിമുക്തിയുടെ നാൾവഴികളിലൂടെ

## സാന്ത്വനമായി എക്സൈസ് വകുപ്പ്



HAND BOOK



# വിമുക്തിയുടെ നാൾവഴികളിലൂടെ

സാന്ത്വനമായി എക്സൈസ് വകുപ്പ്


## ചീഫ് എഡിറ്റർ

**എസ്.ആനന്ദകൃഷ്ണൻ ഐ.പി.എസ്**
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് &
എക്സൈസ് കമ്മീഷണർ

## ചീഫ് എക്സിക്യൂട്ടീവ് എഡിറ്റർ

**ഡി.രാജീവ് ഐ.ഒ.എഫ്.എസ്**
അഡീഷണൽ എക്സൈസ് കമ്മീഷ്ണർ (ഭരണം) &
വിമുക്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

## എഡിറ്റോറിയൽ ബോർഡ്

**ഗോപകുമാർ ആർ**
ജോയിന്റ് എക്സൈസ് കമ്മീഷണർ
അവയർനസ് പ്രോഗ്രാം കോ-ഓഡിനേറ്റർ

**പ്രദീപ് കുമാർ**
ഫിനാൻസ് ഓഫീസർ
എക്സൈസ്

**ബി.രാധാകൃഷ്ണൻ**
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ

**എം.അരുൺ**
അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ

**ആർ.യു. നിതിൻ**
സിവിൽ എക്സൈസ് ഓഫീസർ


## വിമുക്തി ഡി അഡിക്ഷൻ സെന്ററുകളുടെ ഫോൺ നമ്പർ

| | | |
|---|---|---|
| തിരുവനന്തപുരം | – | 9400069409 |
| കൊല്ലം | – | 9400069441 |
| പത്തനംതിട്ട | – | 9400069468 |
| ആലപ്പുഴ | – | 9400069488 |
| കോട്ടയം | – | 9400069511 |
| ഇടുക്കി | – | 9400069532 |
| എറണാകുളം | – | 9400069564 |
| തൃശ്ശൂർ | – | 9400069589 |
| പാലക്കാട് | – | 9400069588 |
| മലപ്പുറം | – | 9400069646 |
| കോഴിക്കോട് | – | 9400069675 |
| വയനാട് | – | 9400069663 |
| കണ്ണൂർ | – | 9400069695 |
| കാസർഗോഡ് | – | 9400069723 |

## കൗൺസിലിംഗ് സെന്ററുകൾ

| | | |
|---|---|---|
| ടോൾ ഫ്രീ നമ്പർ | 14405 | |
| തിരുവനന്തപുരം | 94000 22 100 | 94000 33 100 |
| എറണാകുളം | 91885 201 88 | 91885 201 99 |
| കോഴിക്കോട് | 9188 46 8494 | 9188 45 8494 |



വിമുക്തി

HAND BOOK



# വിമുക്തിയുടെ നാൾവഴികളിലൂടെ

സാന്ത്വനമായി എക്സൈസ് വകുപ്പ്


## ചീഫ് എഡിറ്റർ

**എസ്.ആനന്ദകൃഷ്ണൻ ഐ.പി.എസ്**
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് &
എക്സൈസ് കമ്മീഷ്ണർ

## ചീഫ് എക്സിക്യൂട്ടീവ് എഡിറ്റർ

**ഡി.രാജീവ് ഐ.ഒ.എഫ്.എസ്**
അഡീഷണൽ എക്സൈസ് കമ്മീഷ്ണർ (ഭരണം) &
വിമുക്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

## എഡിറ്റോറിയൽ ബോർഡ്

**ഗോപകുമാർ ആർ**
ജോയിന്റ് എക്സൈസ് കമ്മീഷണർ
അവയർനസ് പ്രോഗ്രോം കോ-ഓഡിനേറ്റർ

**പ്രദീപ് കുമാർ**
ഫിനാൻസ് ഓഫീസർ
എക്സൈസ്

**ബി.രാധാകൃഷ്ണൻ**
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ

**എം.അരുൺ**
അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ

**ആർ.യു. നിതിൻ**
സിവിൽ എക്സൈസ് ഓഫീസർ


## ഉള്ളടക്കം


എക്സൈസ് വകുപ്പ് ........ 01
എക്സൈസ് വകുപ്പ് ഘടന ........ 03
സ്റ്റേറ്റ് എക്സൈസ് അക്കാദമി ക്ഷ റിസർച്ച് സെന്റർ ........ 04
വിമുക്തി മിഷൻ ........ 05
വിമുക്തി പദ്ധതി ........ 07
മിഷൻ ഘടന ........ 08
ലഹരി വിരുദ്ധ ബാഡ്ജ് ധരിച്ച് ലഹരിക്കെതിരെ പ്രതിജ്ഞ ........ 09
വിമുക്തി വാർഡ്തല കമ്മിറ്റികൾ ........ 11
വിമുക്തി പഞ്ചായത്ത് /മുനിസിപ്പാലിറ്റി/
കോർപ്പറേഷൻ തല കമ്മിറ്റികൾ ........ 13
വിമുക്തി പ്രവർത്തനങ്ങൾ ........ 15
സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ ........ 17
ഉണർവ് പദ്ധതികൾ ........ 19
കോളേജ് തലത്തിൽ നേർക്കൂട്ടം, ക്രദ്ധ കമ്മിറ്റികൾ ........ 22
ലഹരിക്കെതിരെ കായിക ലഹരി കായിക മത്സരങ്ങൾ ........ 23
ലഹരിക്കെതിരെ സന്ദേശവുമായി
ഭവന സന്ദർശനം, വിമുക്തി ജ്വാല, സായാഹ്ന ചർച്ചകൾ ........ 25
തീരദേശ മേഖലകളിലെ പ്രവർത്തനം ........ 27
ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾ ........ 29
ലഹരിമുക്ത ഗ്രാമം ........ 31
ഗോത്ര തിളക്കം ........ 33
ജനമൈത്രി
സ്ക്വാഡുകൾ ........ 35
ജനമൈത്രി എക്സൈസിന് അഭിമാനമായി ശിൽപ ........ 37
ലഹരിക്കെതിരെ ഹാഫ് മാരത്തോണുകൾ ........ 39
ലഹരിക്കെതിരെ സഞ്ചരിക്കുന്ന ചായക്കടയും ചരട്കുത്തി കോൽക്കളിയും ........ 41
3D ഡിജിറ്റൽ തീയറ്റർ ........ 43
ലഹരിക്കെതിരെ
എക്സൈസ് ഉദ്യോഗസ്ഥരുടെ കലാ പ്രതിരോധം ........ 45
ലഹരിക്കെതിരെ ഒരു മരം ........ 47
ബോധവൽക്കരണ പവലിയനുകൾ,ഫ്ലോട്ടുകൾ, പോസ്റ്ററുകൾ ........ 49
ഡീ-അഡിക്ഷൻ സെന്ററുകൾ ........ 51
കൗൺസെലിംഗ് സെന്ററുകൾ ........ 53
സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ........ 55
നവമാധ്യമങ്ങളിലൂടെയും ഓൺലൈൻ വഴിയുമുള്ള പ്രവർത്തനങ്ങൾ ........ 57
വെബിനാറുകൾ ........ 59
ലഹരി വിരുദ്ധ ഹ്രസ്വ ചിത്രങ്ങളുടെ സി.ഡി. പ്രകാശനം ........ 60
യുവജനങ്ങൾക്കായി വിവിധ പ്രവർത്തനങ്ങൾ ........ 61
എൻ.എസ്.എസുമായി സഹകരിച്ചുള്ള പ്രവർത്തനം ........ 63
കുടുംബശ്രീയുമായി സഹകരിച്ചുള്ള പ്രവർത്തനം ........ 64
വിമുക്തി മെഡിക്കൽ ക്യാമ്പ് ........ 65
ലഹരി വിരുദ്ധ സൈക്കിൾ റാലി ........ 66
കലാമത്സരങ്ങൽ രചനാ മത്സരങ്ങൾ ........ 68
ഫിറ്റ്നസ് സെന്ററുകൾ ........ 70
ബോധ വത്കരണ മൊബൈൽ യൂണിറ്റ് ........ 71
ഓൺലൈൻ മത്സരങ്ങൾ ........ 72
പുതിയ പദ്ധതികൾ ........ 74
എല്ലാ ജില്ലയിലും കൗൺസലിംഗ് സെന്ററുകൾ ........ 76





കേരള സർക്കാർ

**പിണറായി വിജയൻ**

കേരള മുഖ്യമന്ത്രി

നം. 280/പ്രസ്/സി.എം.ഒ/21 — 03 നവംബർ, 2021.

# സന്ദേശം

സംസ്ഥാന സർക്കാരിന്റെ സുപ്രധാന കർമ്മ പദ്ധതികളിലൊന്നാണ് വിമുക്തി.2016-ൽ രൂപം കൊണ്ട ഈ ലഹരിവർജ്ജന മിഷന്റെ പ്രവർത്തനം പൊതുജനങ്ങളിൽ വലിയ മതിപ്പാണ് ഉളവാക്കിയിട്ടുള്ളത്

നമ്മുടെ യുവജനങ്ങൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് വിമുക്തി മിഷൻ പ്രാധാന്യം നൽകുന്നത് നിയമപാലനത്തോടൊപ്പം ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടത്തുന്ന എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്


വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന കൈപ്പുസ്തകത്തിനും വിമുക്തി മിഷന്റെ ഭാവി പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ

141 മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫോ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in




കേരള സർക്കാർ



**എം.വി.ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണം എക്സൈസ്
വകുപ്പ് മന്ത്രി
കേരള സർക്കാർ

നം. 118/PR/M(LSG, RD & E)/2021

# സന്ദേശം

തീയതി: 03.11.2021
തിരുവനന്തപുരം

നമ്മുടെ നാടിന്റെ വളർച്ചയ്ക്കും വികാസത്തിനും ഏറ്റവും പ്രധാനം ആരോഗ്യവാന്മാരായ വരും തലമുറയാണ്. ഒരു രാജ്യത്തിന് മുതൽകൂട്ടാകേണ്ട തലമുറയിൽ ചിലർ ലഹരി ഉപയോഗത്താൽ ഇല്ലാതാകുന്നുണ്ട്. സ്വന്തം കുടുംബത്തിന് താങ്ങും തണലുമാകേണ്ട ഇവർ സമൂഹത്തിനും വലിയ നഷ്ടമാണ് വരുത്തുന്നത്.

ഇത്തരക്കാരെ ലഹരിയിൽ നിന്ന് മോചിപ്പിക്കുന്നതിന് വേണ്ടിയാണ് വിമുക്തി എന്ന മിഷന് സർക്കാർ രൂപം നൽകിയതും അതിലൂടെ നിരവധി പേർക്ക് ആശ്വസം പകരുകയും ചെയ്യുന്നത്. ലഹരിക്കെതിരെ നമ്മുടെ നാട് ഒറ്റക്കെട്ടായി വിമുക്തി മിഷനോടൊപ്പം കൈകോർക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു

കൗൺസിലിംഗ്, ലഹരി മോചന ചികിത്സ എന്നിവ കൂടാതെ വിവിധ ബോധവത്കരണ പരിപാടികളിലൂടെ ജനങ്ങളുടെ ആശ്രയകേന്ദ്രമായി മാറിയ വിമുക്തി മിഷനും, എക്സൈസ് വകുപ്പിനും അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു. വിമുക്തിയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറത്തിറക്കുന്ന ഈ കൈ പുസ്തകത്തിലൂടെ വിമുക്തിമിഷൻ നടത്തുന്ന സേവനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിന് സാധിക്കട്ടെയെന്നും കൂടുതൽ പൊതുജന പങ്കാളിത്തത്തോടുകൂട് വിമുക്തിയുടെ സേവനങ്ങൾ സാർത്ഥകമാകട്ടേയെന്നും ആശംസിക്കുന്നു

എം.വി.ഗോവിന്ദൻ മാസ്റ്റർ

ഓഫീസ് സെക്രട്ടേറിയറ്റ് അനക്സ് – I , അഞ്ചാം നില, റൂം നമ്പർ 501C
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം–695 001
വസതി നെസ്റ്റ് , ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം
ഫോൺ (ഓ): 0471-2332700 മൊബൈൽ: 9400099111, 9447070569
ഇമെയിൽ: min.lsgd@kerala.gov.in




കേരള സർക്കാർ

കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി
എക്സൈസ് വകുപ്പ്

പൊതുഭരണം, ഗതാഗതം
റവന്യൂ (ദേവസ്വം) വകുപ്പ്
കേരള സർക്കാർ, സെക്രട്ടേറിയറ്റ്
തിരുവനന്തപുരം – 695 001


തീയതി: 03.11.2021

# സന്ദേശം

ലഹരി വർജ്ജനത്തിലൂടെ ലഹരി വിമുക്ത നവകേരളം എന്ന ലക്ഷ്യത്തോടെയുള്ള വിമുക്തിമിഷന്റെ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിന്റെ അനിവാര്യമാണ്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിധ്യമാർന്ന ബോധവത്കരണ പ്രവ്രർത്തനങ്ങളും വളരെ ചിട്ടയോടെ നടപ്പാക്കി വരുന്ന എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വിമുക്തിയുടെ സന്ദേശം സമൂഹത്തിലെ നാനാതുറകളിലും എത്തിക്കാൻ കഴിഞ്ഞിരുന്നുവെന്നതിൽ വളരെയധികം സന്തോഷമുണ്ട്. വിമുക്തിയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു തയ്യാറാക്കുന്ന കൈപുസ്തകത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

കെ.ആർ. ജ്യോതിലാൽ


ടെലി: 0471-2320311, 2518669 ഫാക്സ് : 0471-2320311 വസതി: 04712460301 മൊബൈൽ: 9447744200
ഇ-മെയിൽ : secy.tspt@kerala.gov.in, jyothilalkr@hotmail.com, secy.gad@kerala.gov.in




# ആമുഖം

ആധുനികയുഗത്തിന്റെ തിരക്കേറിയ ജീവിതരീതികൾ ഇന്ന് നമ്മുടെ സമൂഹത്തേയും മാറ്റത്തിന്റെ പാതയിലേയ്ക്ക് നയിച്ചിരിക്കുകയാണ്. തിരക്കേറുന്ന ജീവിത സാഹചര്യങ്ങൾ ഭൗതികമായ അഭിവൃദ്ധിയ്ക്കൊപ്പം സാമൂഹികവും, വ്യക്തിപരവുമായ ചില കടുത്ത വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. സന്തോഷത്തിനും ആത്മസാക്ഷാത്ക്കാരത്തിനും വേണ്ടിയുള്ള പരക്കംപാച്ചിലും, ജീവിതമുയർത്തുന്ന പുതിയ പുതിയ പ്രശ്നങ്ങളിൽ നിന്നും രക്ഷ നേടാനുള്ള പരിശ്രമങ്ങളും, ഇത്തരം ചില അപകടങ്ങൾക്ക്, പലപ്പോഴും കാരണമാകുന്നുണ്ട്. തിരക്കുപിടിച്ച ജീവിതം കുടുംബബന്ധങ്ങളേയും, വ്യക്തിബന്ധങ്ങളേയും സാമൂഹികമായ കെട്ടുറപ്പിനേയും പലപ്പോഴും ദോഷകരമായ രീതിയിൽ ബാധിക്കുന്നതായി കാണാം. അതിനോടൊപ്പംതന്നെ നഗരവല്ക്കരണവും, വ്യവസായവല്ക്കരണവും ലാഭമുണ്ടാക്കാനുള്ള നിയമപരമല്ലാത്ത പ്രവർത്തനങ്ങളിലേക്കും പലരേയും നയിക്കുന്നുണ്ട്. വ്യക്തിപരമായ ആകുലതകൾ പലതരത്തിലുമുള്ള രക്ഷാമാർഗ്ഗങ്ങൾ തേടാൻ ആളുകളെ പ്രേരിപ്പിക്കുന്നു. ലഹരി, ഈ അവസരങ്ങളിൽ ഒരു ആകർഷണമാവുന്നു. ഇത് ഇന്ന് നമ്മുടെ സമൂഹത്തിനുയർത്തുന്ന ഭീഷണി വളരെ വലുതാണ്. കൗമാരപ്രായത്തിൽതന്നെ ഇത്തരം ശീലങ്ങൾ തുടങ്ങുന്നുവെന്നതും അവരെ ലക്ഷ്യമാക്കി കച്ചവട മന:സ്ഥിതിയോടെ പലരും മയക്കുമരുന്ന് വ്യാപാരം നടത്തുന്നുണ്ടെന്നതും വളരെ ഗൗരവത്തോടെ കാണേണ്ട കാര്യമാണ്.

ഈ പൊതുവിപത്തിനെതിരായി, പൊതുജനപങ്കാളിത്തത്തോടെ, കേരള സർക്കാർ ഉയർത്തിയിട്ടുള്ള പ്രതിരോധ പ്രസ്ഥാനമാണ് 'വിമുക്തി' എന്ന ലഹരിവർജ്ജന ദൗത്യം. വിവിധ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപകല്പന ചെയ്തിട്ടുള്ള ഈ ദൗത്യം, വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ എല്ലാ കോണുകളിലും ലഹരി വർജ്ജനത്തിന്റെ സന്ദേശം എത്തിയ്ക്കാനായി പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രധാന പങ്ക് വഹിക്കുന്ന എക്സൈസ് വകുപ്പ് ഈ ദൗത്യത്തെക്കുറിച്ച് തയ്യാറാക്കിയിട്ടുള്ള കൈപുസ്തകം ഇതിനെക്കുറിച്ച് ധാരണ ഉണ്ടാക്കുവാനും, അതിന്റെ പ്രവർത്തനങ്ങളിൽ അണിചേരാനുള്ള ഒരു ആഹ്വാനമായും പൊതുസമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നു.


**എസ്.ആനന്ദകൃഷ്ണൻ ഐ.പി.എസ്**
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
&
എക്സൈസ് കമ്മീഷണർ

# എക്സൈസ് വകുപ്പ്

സംസ്ഥാനത്തെ ഏറ്റവും പഴയ വകുപ്പുകളിൽ ഒന്നാണ് എക്സൈസ് വകുപ്പ്. സംസ്ഥാനത്ത് വ്യാജദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്ന ങ്ങൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുക, മദ്യത്തിൽ നിന്നുള്ള നികുതി പിരിക്കുക എന്നിവയാണ് എക്സൈസ് വകുപ്പിന്റെ പ്രധാന ചുമതലകൾ. ഈ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം സംഘടിപ്പിക്കുന്നതും എക്സൈസ് വകുപ്പാണ്.







കേരള സംസ്ഥാന രൂപീകരണ സമയത്ത് തിരുവിതാംകൂറിൽ തിരുവിതാംകൂർ അബ്കാരി നിയമം, കൊച്ചിയിൽ കൊച്ചി അബ്കാരി നിയമം, മലബാറിൽ മദ്രാസ് അബ്കാരി നിയമം എന്നിങ്ങനെ 3 അബ്കാരി നിയമങ്ങൾ നിലവിലുണ്ടായിരുന്നു. 1967 മെയ് 11 മുതൽ കൊച്ചി അബ്കാരി ആക്ട് (1077 ലെ ഒന്നാം ആക്ട്) ആവശ്യമായ ഭേദഗതികളോടെ കേരള സംസ്ഥാനം മുഴുവൻ വ്യാപിപ്പിച്ചു.





# എക്സൈസ് വകുപ്പ് ഘടന






## സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്റർ

എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും തൃശ്ശൂരിൽ എക്സൈസ് വകുപ്പിന് കീഴിൽ ഒരു പരിശീലന കേന്ദ്രം ഉണ്ട്. എക്സൈസ് ഉദ്യോഗസ്ഥർക്ക് കേസുകൾ കണ്ടെടുക്കുന്നതിൽ ട്രെയിനിംഗ് നൽകുന്നതിനൊപ്പം ലഹരിക്കെതിരെ ഫലപ്രദമായ രീതിയിൽ ബോധവത്കരണം നടത്തുന്നതിനുമുള്ള പരിശീലനവും ഇവിടെ നൽകുന്നു.





# വിമുക്തി മിഷൻ

സമൂഹത്തിൽ വിശിഷ്യാ യുവജനങ്ങളുടെ ഇടയിലുള്ള ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിനും ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും പൊതുജനപങ്കാളിത്തത്തോടെ ലഹരിക്കെതിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കുമായിട്ടാണ് **06.10.2016** ലെ **G.O(Ms) No.94/2016/TD** നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി-ക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാമൂഹ്യ നീതി, ആരോഗ്യം തുടങ്ങിയ വിവിധ വകുപ്പുകളുമായി സഹകരിച്ചും, കുടുംബശ്രീ,സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ, സന്നദ്ധ സംഘടനകൾ, വനിത-യുവജന സംഘടനകൾ എന്നിവരുമായി ചേർന്നുമാണ് വിമുക്തി മിഷൻ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

വിമുക്തിമിഷന്റെ ഉദ്ഘാടനം ബഹു. കേരള മുഖ്യ മന്ത്രി ശ്രീ. പിണറായി വിജയൻ 2016 നവംബർ 20ന് നിർവ്വഹിച്ചു.







# വിമുക്തി പദ്ധതി

മദ്യവർജ്ജനത്തിന് പ്രോത്സാഹനം നൽകാനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് ഒരു ബോധവൽക്കരണ മിഷന് രൂപം നൽകുമെന്ന് ബഹു.കേരള ഗവർണ്ണറുടെ 2016-17 ലെ നയപ്രഖ്യാപനത്തിലും സമൂഹത്തിന്റെ എല്ലാ മേഖലയിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു ബോധവൽക്കരണ മിഷന് രൂപം നൽകുമെന്ന് സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിലും സൂചിപ്പിച്ചിരുന്നു. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജനസമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-വനിത സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടു കൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിക്ക് സർക്കാർ രൂപം നൽകിയത്. ബഹു.കേരള മുഖ്യമന്ത്രി ചെയർമാനായ വിമുക്തി മിഷന്റെ ഗവേണിംഗ് ബോഡിയിൽ ബഹു. എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. വിമുക്തി മിഷന് ബഹു. എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനർ ആയി ഒരു എക്സിക്യുട്ടീവ് കമ്മിറ്റിയും ഉണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ജില്ലാ കളക്ടർ കൺവീനർ ആയും ജില്ലാ എക്സിക്യുട്ടീവ് കമ്മിറ്റിയും, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തലും, അവയുടെ വാർഡ് തലത്തലുമുള്ള വിമുക്തി കമ്മിറ്റികളും പ്രവർത്തിക്കുന്നു. 'ലഹരി മുക്ത നവകേരളം' എന്ന മുദ്രാവാക്യം ഉയർത്തി ലഹരി വിമുക്ത തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് എക്സൈസ് വകുപ്പും വിമുക്തി മിഷനും മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്.





# മിഷൻ ഘടന

വിമുക്തി മിഷൻ ഗവേണിംഗ് ബോഡി

↓

വിമുക്തി മിഷൻ എക്സിക്യുട്ടീവ് കമ്മിറ്റി

↓

ജില്ലാ എക്സിക്യുട്ടീവ് കമ്മിറ്റി

↓

തദ്ദേശസ്വയം ഭരണ സ്ഥാപന തല കമ്മിറ്റി
( ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പൽ/പഞ്ചായത്ത് )

↓

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വാർഡ് തല കമ്മിറ്റി
( ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പൽ/പഞ്ചായത്ത് )






# ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ച് ലഹരിക്കെതിരെ പ്രതിജ്ഞ

മദ്യവർജ്ജന മയക്കുമരുന്നു വിരുദ്ധ മനോഭാവം കേരളജനതയിൽ വളർത്തിയെടുക്കുന്നതിനും ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വിമുക്തി മിഷൻ 2019 നവംബർ 1 മുതൽ 'തീവ്രയത്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ നടത്തിയ ഈ ബോധവൽക്കരണ പരിപാടി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും '2019 നവംബർ 14' നു വിദ്യാർത്ഥികളും അധ്യാപകരും ലഹരി വിരുദ്ധ സന്ദേശമടങ്ങിയ ബാഡ്ജ് ധരിക്കുകയും, ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. സംസ്ഥാനത്തൊട്ടാകെ 27 ലക്ഷത്തോളം വിദ്യാർ ത്ഥികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ഇതിനായി എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക അസംബ്ലി സംഘടിപ്പിക്കപ്പെട്ടു. അസംബ്ലിയിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുറമേ പി.റ്റി.എ അംഗങ്ങളും, പൗരപ്രമുഖരും, എക്സൈസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. സംസ്ഥാനത്തുടനീളം ഒരേ ദിവസം നടന്ന ഈ പരിപാടി വിദ്യാർത്ഥി സമൂഹത്തിലും പൊതു സമൂഹത്തിലും ലഹരി വിരുദ്ധ ആശയം വ്യാപിപ്പിക്കുന്നതിനുള്ള അടിത്തറയൊരുക്കുന്നതിന് സഹായകമായി.







വ്യാജമദ്യം, മയക്കുമരുന്ന് , നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പന, സംഭരണം മുതലായ വിവരങ്ങൾ എക്സൈസ് കമ്മീഷണറേറ്റിലെ **കൺട്രോൾറൂമിലേക്ക്**

**9447 178000, 9061 178000**

എന്നീ നമ്പറുകളിൽ അറിയിക്കാവുന്നതാണ്.



# വിമുക്തി വാർഡ് തല കമ്മിറ്റികൾ

പ്രാഥമിക തലത്തിൽ വിമുക്തി മിഷന്റെ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ /മുനിസിപ്പാലിറ്റി / പഞ്ചായത്ത് എന്നീ തലങ്ങളിൽ പ്രദേശത്തെ പൗരമുഖ്യൻ ചെയർമാനായും, വാർഡ് മെമ്പർ കൺവീനർ ആയും രൂപീകരിച്ചിട്ടുള്ള വിമുക്തി വാർഡ് കമ്മിറ്റികളാണ്. കുടുംബശ്രീ, അംഗൻവാടി, ആശ പ്രവർത്തകർ, സാമൂഹ്യ– സാംസ്കാരിക പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, എക്സൈസ് പ്രിവന്റീവ് ഓഫീസർ/സിവിൽഎക്സൈസ് ഓഫീസർ എന്നിവർ വിമുക്തി വാർഡ് കമ്മിറ്റികളിൽ അംഗങ്ങളാണ്.

ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി കൗൺസലിംഗ്/ചികിത്സ നൽകുക, ആ പ്രദേശത്ത് വ്യാജമദ്യത്തിന്റെ നിർമ്മാണം, സംഭരണം, വിപണനം എന്നിവയും, മയക്കുമരുന്ന്, മറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ കടത്ത്, സംഭരണം, വിപണനം എന്നിവ സംബന്ധിച്ചുമുള്ള വിവരം എക്സൈസ് വകുപ്പിന് കൈമാറുക തുടങ്ങിയവ വിമുക്തി വാർഡ് കമ്മിറ്റികൾ ചെയ്തുവരുന്നു. സമൂഹത്തിൽ വ്യാപിച്ചിട്ടുള്ള ലഹരിയുടെ ദുരുപയോഗം എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രതിരോധിക്കുകയാണ് വിമുക്തി വാർഡ് കമ്മിറ്റികളുടെ പ്രധാന ചുമതല.









# വിമുക്തി പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല കമ്മിറ്റികൾ

വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ് ചെയർമാനായും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി കൺവീനറായും രൂപീകരിച്ചി ട്ടുള്ള വിമുക്തി പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല കമ്മിറ്റികളാണ്. വാർഡ് മെമ്പർമാർ, പഞ്ചായത്ത് തല മിഷൻ കോ-ഓർഡിനേറ്റർമാർ,സ്കൂൾ കോളേജ് തലവൻമാർ, കുടുംബശ്രീ ആർട്ട്സ് & സ്പോർട്ട് ക്ലബ്ബുകളുടെ ഭാരവാഹികൾ, വായനശാലാ ഭാരവാഹികൾ, അസ്സിസ്റ്റന്റ് എക്സൈസ് കമ്മീഷണർ / എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ / എക്സൈസ് ഇൻസ്പെക്ടർ തുടങ്ങിയവർ ഈ കമ്മിറ്റിയിൽ അംഗങ്ങ ളാണ്. ഈ കമ്മിറ്റി പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ വിവിധ വകുപ്പുകളെയും ലൈബ്രറികൾ, ആർട്ട്സ് സ്പോർട്സ് ക്ലബ്ബുകൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും ഏകോപിപ്പിച്ച് വിമുക്തിയുടെ പ്രവർത്ത നങ്ങൾ നടത്തുന്നു.





# ജില്ലാ എക്സിക്യുട്ടീവ് കമ്മിറ്റി

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ജില്ലാ കളക്ടർ കൺവീനറായും രൂപീകരിച്ചിട്ടുള്ള ജില്ലാ എക്സിക്യുട്ടീവ് കമ്മിറ്റികളാണ് ജില്ലകളിലെ പ്രവർത്ത നങ്ങൾ നടത്തുന്നത്.






# വിമുക്തി പ്രവർത്തനങ്ങൾ

ലഹരിമുക്ത കേരളം സൃഷ്ടിക്കുന്നതിനായി വിദ്യാർത്ഥികൾ യുവജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ ബോധവത്കരണ ക്ലാസ്സുകൾ കലാകായിക പ്രവർത്തനങ്ങൾ വിവിധ മത്സരങ്ങൾ, റാലികൾ, തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടത്തി വരുന്നു.



# സ്കൂൾ/കോളേജ്
# ലഹരി വിരുദ്ധ ക്ലബ്ബുകൾ

കുട്ടികളും യുവാക്കളുമാണ് ലഹരി ദുരുപയോഗത്തിൽ എളുപ്പ ത്തിൽ വഴുതി വീഴാൻ സാധ്യതയുള്ളത് എന്ന ബോധ്യത്തോടെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് നമ്മുടെ കുട്ടികൾക്ക് പകർന്ന് നല്കി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിമുക്തി മിഷൻ നടത്തി വരുന്നത്. സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെ തിരെയുള്ള പ്രവർ ത്തനങ്ങൾക്കായി സംസ്ഥാനത്ത് കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വിദ്യാലയങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്പ്മെന്റ് കമ്മറ്റി എന്നിവയുടെ സഹകരണ ത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും, മറ്റ് വിദഗ്ധ രുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു.






# ഉണർവ്വ് പദ്ധതി

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽ വിനിയോഗിക്കുന്നതിനും ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച പദ്ധതിയാണ് 'ഉണർവ്വ്'. പ്രത്യേകിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് പ്രലോഭനങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായും ഉള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന 'ഉണർവ്വ്' പദ്ധതിലൂടെ കായിക പരിശീലനത്തിനുള്ള ആധുനിക സംവിധാനങ്ങളോടെയുള്ള കളിക്കളങ്ങളും, മികച്ച രീതിയിലുള്ള അടിസ്ഥാന സൗകര്യ ങ്ങളും, സ്പോർട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്നു.














വിമുക്തി

# കോളേജ് തലത്തിൽ നേർക്കൂട്ടം, ശ്രദ്ധ കമ്മിറ്റികൾ

കോളേജ് തലത്തിൽ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലക്ക് കീഴിലുള്ള കോളേജ് ക്യാമ്പസ്സുകളിൽ പ്രിൻസിപ്പലിന്റെ / വൈസ്പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ നേർക്കൂട്ടം എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ച് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അധ്യാപകർ, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രതിനിധികളും, തദ്ദേശ സ്വയംഭരണസ്ഥാപന പ്രതിനിധികളും, എക്സൈസ് ഉദ്യോഗസ്ഥരും ഈ കമ്മിറ്റികളിൽ അംഗങ്ങൾ ആണ്. ശ്രദ്ധ, നേർക്കൂട്ടം കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് വിദ്യാർത്ഥികൾ ക്കിടയിലെ ലഹരി ഉപയോഗം സംബന്ധിച്ച ലഭ്യമായ പരാതികളോ വിവരങ്ങളോ പരിശോധിച്ച് എക്സൈസ് ഉദ്യോഗസ്ഥരു മായി ചേർന്ന് ലഹരി ഉപയോഗം സംശയിക്കുന്ന വിദ്യാർത്ഥികൾക്ക് വിമുക്തി സെന്ററുകളിൽ ആവശ്യമായ കൗൺസെലിംഗ് / ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ മാതൃക സംസ്ഥാനത്തെ എല്ലാ പ്രൊഫഷണൽ കോളേജുകളിലും നടപ്പിലാക്കുന്നതാണ്.









# ലഹരിക്കെതിരെ കായിക ലഹരി കായിക മത്സരങ്ങൾ

യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ്/ഗെയിംസ് അസോസി യേഷനുകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് "ലഹരിക്കെതിരെ കായികലഹരി" എന്ന മുദ്രാവാക്യത്തോടെ കബഡി, വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.

യുവാക്കളെ ലഹരിക്കെതിരെ അണിനിരത്തുന്നതിന് വാക്കത്തോൺ, ബൈക്കത്തോൺ, സൈക്ലത്തോൺ, ലഹരി വിരുദ്ധ റാലികൾ എന്നിവയും സംഘടിപ്പിച്ചു.





# ലഹരിക്കെതിരെ സന്ദേശവുമായി ഭവന സന്ദർശനം, വിമുക്തി ജ്വാല, സായാഹ്ന ചർച്ചകൾ



ലഹരിക്കെതിരെയുള്ളസന്ദേശങ്ങളുമായി എക്സൈസ് ഉദ്യോഗസ്ഥർ,വിദ്യാർത്ഥികൾ, അധ്യാപകർ, പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നവർ ഉൾപ്പെടെയുള്ള സംഘം ഭവന സന്ദർശനങ്ങൾ നടത്തി ലഹരി വിരുദ്ധ സന്ദേശമുള്ള ലഘുലേഖകൾ വിതരണം നടത്തിയും സംസ്ഥാനമൊട്ടാകെ ലഹരിക്കെതിരെ 'വിമുക്തി ജ്വാല'(ദീപം) തെളിയിച്ചും ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് സായാഹ്ന ചർച്ചകൾ സംഘടിപ്പിച്ചും ലഹരിക്കെതിരായ ആശയങ്ങൾ വ്യാപകമാ ക്കുന്നു.












# തീരദേശ മേഖലകളിലെ പ്രവർത്തനം









തീരദേശമേഖലകളിൽ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്ത് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിപ്പിച്ചുവരുന്നു. കൂടാതെ ഫുട്ബോൾ മത്സരം, കമ്പ്യൂട്ടർ പരിശീലനം, തീരദേശ ലൈബ്രറികൾക്ക് പുസ്തക വിതരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു. അതോടൊപ്പം പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.








# ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾ

ആദിവാസിതീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. 'ലഹരിമുക്ത ഗ്രാമം' എന്ന പദ്ധതി പ്രകാരം ആദിവാസി ഊരുകളും ഗ്രാമങ്ങളും ദത്തെടുത്ത് പ്രസ്തുത ജനവിഭാഗത്തിന്റെ നിത്യജീവിതത്തിലെ എല്ലാ ആവശ്യങ്ങളിലും ഇടപെട്ടുകൊണ്ട് തെറ്റായ പ്രവണതകളിൽ നിന്നും അകറ്റി നിർത്തുവാനും, അപ്രകാരം 'ലഹരിമുക്ത ഗ്രാമം' എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുവാനുമുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കോഴിക്കോട് ജില്ലയിലെ കോട്ടൂർ, തിരുവനന്തപുരം ജില്ലയിലെ ഞാറനീലി ഗ്രാമങ്ങൾ പാലക്കാട് ജില്ലയിലെ നെല്ലിപ്പതി, തച്ചംപടി, ഊത്തുക്കുഴി തുടങ്ങിയവ ഇത്തരത്തിൽ പ്രവർത്തനം നടക്കുന്ന സ്ഥലങ്ങൾക്ക് ഉദാഹരണമാണ്. അതോടൊപ്പം പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി യും നടപ്പിലാക്കിവരുന്നു. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് 319 ഓളം കരിയർഗൈഡൻസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ആദിവാസി ഊരു കൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് സംഘടിപ്പിച്ച കരിയർ ഗൈഡൻസ് ക്ലാസ്സുകളിൽ പങ്കെടുത്ത യുവാക്കൾക്ക് സർക്കാർജോലി ഉൾപ്പടെ വിവിധ ജോലികൾ ലഭ്യമായിട്ടുള്ളതാണ്.



# ലഹരിമുക്ത ഗ്രാമം

ആദിവാസി മേഖലയെ ലഹരിമുക്തമാക്കുന്നതിനായി ആദിവാസി മേഖലയിലെ കോളനികളെയും, ഊരുകളെയും ദത്തെടുത്ത് പ്രത്യക ശ്രദ്ധ നൽകി ലഹരിമുക്ത ഗ്രാമം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആദിവാസി ജനവിഭാഗത്തിന്റെ നിത്യ ജീവിതത്തിലെ എല്ലാ ആവശ്യങ്ങളിലും ഇടപെട്ടുകൊണ്ട് തെറ്റായ പ്രവണതകളിൽ നിന്നും അകറ്റി നിർത്തുവാനും, അപ്രകാരം ലഹരിമുക്ത ഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുവാനുമുള്ള ശ്രമങ്ങളാണ് നടന്നു വരുന്നത്. പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക, കായിക മത്സരങ്ങൾ നടത്തുക, പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തി വരുന്നുണ്ട്.









## കാവൽമാടം

ആദിവാസി മേഖലകളിലെ യുവാക്കളെ പരമ്പരാഗത കൃഷിരീതികളിൽ ഏർപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി






# ഗോത്ര തിളക്കം

വിമുക്തി മിഷന്റെ ഭാഗമായി അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ അഭിമുഖ്യത്തിൽ വള്ളിയമ്മ ഫൗണ്ടേഷന്റെ സഹകരണത്തോടെ **SSLC, PLUS TWO** പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഗോത്ര വിഭാഗത്തിലെ കുട്ടികൾക്ക് അനുമോദനച്ചടങ്ങ് സംഘടിപ്പിച്ചു. 2013 സെപ്റ്റംബർ 13ന് പ്രവർത്തനം ആരംഭിച്ച ജനമൈത്രി എക്സൈസ് വൈവിദ്ധ്യങ്ങളായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആദിവാസി ജനവിഭാഗങ്ങളിലെ മദ്യം – മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം വായന, കലാ,കായികം, തൊഴിൽ നൈപുണ്യം, തുടങ്ങി വിവിധ മേഖലകളിൽ വേറിട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. 12 ഊരുകളിൽ അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്കുള്ള **PSC** കോച്ചിംഗും, പഠനത്തിൽ നിന്ന് കൊഴിഞ്ഞു പോകുന്നവരെ ക്ലാസ്സ് മുറികളിൽ എത്തിച്ചും,വായന പ്രോത്സാഹിപ്പിക്കുന്നതിന് ഊരുകളിൽ ലൈബ്രറികൾ സജ്ജമാക്കിയും ജനമൈത്രി എക്സൈസ് പ്രവർത്തിക്കുന്നു. **SSLC, +2** പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച കുട്ടികൾക്ക് തുടർന്നും മികച്ച വിജയങ്ങൾ നേടാൻ കഴിയുന്നതു വഴി മദ്യം – മയക്കു മരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവരായും അട്ടപ്പാടിയുടെ സാമൂഹികവും, സാംസ്കാരികവുമായ വളർച്ചക്ക് മുതൽകൂട്ടാകുവാനും സാധിക്കുന്നു.






പുസ്തക സമാഹരണ യജ്ഞം



# ജനമൈത്രി സ്ക്വാഡുകൾ

ആദിവാസി മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് വിമുക്തി മിഷനും എക്സൈസ് വകുപ്പും പ്രത്യേക ശ്രദ്ധ നൽകുന്നു. പ്രസ്തുത ജനവിഭാഗത്തിന്റെ നിത്യജീവിതത്തിലെ എല്ലാ ആവശ്യങ്ങളിലും ഇടപെട്ടുകൊണ്ട് തെറ്റായ പ്രവണതകളിൽ നിന്നും അകറ്റി നിർത്തി ആദിവാസി മേഖലയിലുള്ളവരെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് ജനമൈത്രി എക്സൈസ് സ്ക്വാഡുകൾക്ക് രൂപം നൽകിയിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, വയനാട് ജില്ലയിലെ മാനന്തവാടി എന്നിവിടങ്ങളിലാണ് നിലവിൽ ജനമൈത്രി എക്സൈസ് ഓഫീസുകൾ പ്രവർത്തിക്കുന്നത്. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് ഭവന സന്ദർശനം നടത്തിയും, മത്സരപരീക്ഷകൾക്കുള്ള പരിശീലനം, പാരമ്പര്യ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, കായിക ടീമുകൾ രൂപീകരിച്ച് കായിക പരിശീലനം നൽകുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ജനമൈത്രി എക്സൈസ് ഓഫീസുകൾ വഴി സംഘടിപ്പിക്കുന്നു.



ചിന്നപ്പാറകുടിയ്ക്ക് അഭിമാനമായി ശിൽപയുടെ നേട്ടം

പരീക്ഷയ്ക്ക് എത്തിച്ചത് ദേവികു...

ജനമൈത്രി എക്സൈസ്

അടിമാലി

നിയമകലാലയങ്ങളിൽ ബിരുദ പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷയിൽ എസ്ടി വിഭാഗത്തിൽ ഒന്നാം റാങ്ക് അടിമാലി ചിന്നപ്പാറക്കുടിയിൽ നിന്നുള്ള ശിൽപ ശശിക്ക്.



ശിൽപ ശശിക്ക് ഒന്നാം റാങ്ക്

ജനമൈത്രി എക്സൈസിന് അഭിമാന മുഹൂർത്തം

# ജനമൈത്രി എക്സൈസിന് അഭിമാനമായി ശിൽപ



നിയമകലാലയങ്ങളിൽ ബിരുദ പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷയിൽ എസ്.ടി വിഭാഗത്തിൽ ഒന്നാം റാങ്ക് നേടി ചിന്നപ്പാറകുടിക്ക് അഭിമാനമായി ശില്പ ശശി. ദേവികുളം ജനമൈത്രി എക്സൈസ് കഴിഞ്ഞ ഒരു വർഷമായി ആദിവാസി മേഖലയിൽ നടപ്പാക്കി വരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നേട്ടങ്ങളിൽ എടുത്ത് പറയേണ്ട ഒന്നാണ് ശിൽപയുടെ ഈ അഭിമാന മുഹൂർത്തം.




















# ലഹരിക്കെതിരെ ഹാഫ് മാരത്തോണുകൾ

ലഹരിവിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഒരു മെഗാ ഇവന്റ് എന്ന നിലയിൽ 'RUN AGAINST DRUGS' എന്ന ആപ്ത വാക്യവുമായി കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ ലഹരി ബോധവൽക്കരണ ഹാഫ് മാരത്തോണുകൾ സംഘടിപ്പിച്ചു. കായികതാരങ്ങൾ, കാലാകാരൻമാർ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, യുവാക്കൾ എന്നിങ്ങനെ സമൂഹ ത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി നടത്തിയ ഈ പരിപാടിയിലുണ്ടായ വലിയതോതിലുള്ള യുവജന പങ്കാളിത്തം വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ശരിയായ ദിശയിലാണെന്ന് സൂചിപ്പിക്കുന്നു.





# ലഹരിക്കെതിരെ സഞ്ചരിക്കുന്ന ചായക്കടയും ചരട്കുത്തി കോൽക്കളിയും

ലഹരിക്കെതിരെയുള്ള സന്ദേശവുമായി ജനകീയ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ 'സഞ്ചരിക്കുന്ന ചായക്കട' തയ്യാറാക്കി. സഞ്ചരിക്കുന്ന ചായക്കടയിൽ നടന്ന ലഹരിക്കെതിരെയുള്ള ചൂടേറിയ ചർച്ചകൾ ബോധവൽക്കരണത്തെ പുതുമയുള്ളതും ജനകീയവുമാക്കി. വിദ്യാലയ ക്യാമ്പസ്സുകളിലെ ലഹരി വിപത്തിന്റെ കടന്നുകയറ്റത്തിനെതിരായ കലാ പ്രതിരോധം എന്ന നിലയിൽ വിദ്യാർത്ഥികളെ അണിനിരത്തി 'ലഹരി വിരുദ്ധ ചരടുകുത്തി കോൽക്കളി' നടത്തി.













വിമുക്തി

# 3D ഡിജിറ്റൽ തീയറ്റർ

വിദ്യാർത്ഥികളിലും യുവാക്കളിലും ലഹരിയുടെ ദൂഷ്യഫലം സംബന്ധിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിനായി ഫലപ്രദമായ രീതിയിൽ പരിശീലനം നൽകുവാൻ എറണാകുളം എക്സൈസ് കോംപ്ലക്സിൽ 3D ഡിജിറ്റൽതീയറ്റർ സംവിധാനം സജ്ജീകരിച്ചിട്ടുള്ളതാണ്. ഒരേ സമയം 75 പേർക്ക് ഇരുന്ന് 3D ചലച്ചിത്രങ്ങൾ കാണാവുന്ന വിധത്തിലാണ് തീയറ്റർ സജ്ജീകരിച്ചിട്ടുള്ളത്.

സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ലഹരിക്കെതിരായ ബോധവൽക്കരണ ചിത്രങ്ങൾ നിർമ്മിച്ച് 3D ഡിജിറ്റൽ തീയറ്റർ സംവിധാനം വഴി പ്രദർശിപ്പിക്കുന്നതിന് ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഈ പരിശീലന സംവിധാനം ബോധവൽക്കരണ പ്രവർത്തനത്തിന് ഒരു പുത്തൻ ഉണർവ്വ് നൽകും



# ലഹരിക്കെതിരെ എക്സൈസ് ഉദ്യോഗസ്ഥരുടെ കലാ പ്രതിരോധം

ലഹരിക്കെതിരെ എക്സൈസ് ഉദ്യോഗസ്ഥരുടെ കലാ പ്രതിരോധം എന്ന രീതിയിൽ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന നാടകങ്ങൾ, ഏകാങ്ക നാടകം, ഓട്ടൻതുള്ളൽ എന്നിവ തയ്യാറാക്കി സ്കൂളുകൾ, കോളേജുകൾ മറ്റ് പൊതു ഇടങ്ങൾ, വിദ്യാർത്ഥികളുടെ ക്യാമ്പുകൾ എന്നിവിടങ്ങളിൽ അവതരിപ്പിച്ച് വരുന്നു.










# ലഹരിക്കെതിരെ ഒരു മരം





ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളെയും യുവജനങ്ങളെയും സാമൂഹിക പ്രതിബദ്ധതയുള്ള മറ്റ് പ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ച് വിടുന്നതിന് വിദ്യാലയങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനായി ലഹരിക്കെതിരെ ഒരു മരം പദ്ധതി നടപ്പിലാക്കി.

# ബോധവൽക്കരണ പവലിയനുകൾ, ഫ്ളോട്ടുകൾ, പോസ്റ്ററുകൾ.

കേരളത്തിൽ പൊതുജന പങ്കാളിത്തം ഉണ്ടാകുന്ന പ്രധാനപരിപാടികളിൽ ലഹരിക്കെതിരെയുള്ള സന്ദേശം നൽകുന്നതിനുള്ള ബോധവൽക്കരണ പവലിയനുകൾ, ഫ്ളോട്ടുകൾ എന്നിവ തയാറാക്കി പ്രചരിപ്പിക്കുന്നു. ബോധവൽക്കരണ പവലിയനുകളിൽ ലഹരിക്കെതിരെ സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖകൾ, പോസ്റ്ററുകൾ, മാസികകൾ മുതലായവ തയറാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നു.














ലഹരി വർജ്ജന മിഷൻ
വിമുക്തി
ജീവിതം തന്നെ ലഹരി

# ഡീ–അഡിക്ഷൻ സെന്ററുകൾ










ലഹരിക്കെതിരെ സമൂഹത്തിലെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ ലഹരിക്ക് അടിമപ്പെട്ട വരെ ആവശ്യമായ ലഹരി മോചന ചികിത്സ നൽകി സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനും പ്രാധാന്യം നൽകുന്നു. വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചു കൊണ്ട് പതിനാല് ജില്ലകളിലും സർക്കാർ ജില്ലാ/താലൂക്കാശുപത്രികളോടനുബന്ധിച്ച് 14 വിമുക്തി ഡീ–അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.







വിമുക്തി കൗൺസിലിംഗ്
സെന്ററുകളുടെ സേവനം
എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ
ഭാഗമായി ടെലിഫോൺ
സൗകര്യവും
ഏർപ്പെടുത്തിയിട്ടുണ്ട്
**14405** എന്ന ടോൾഫ്രീ
നമ്പർ ഇതിനായി
ഉപയോഗിക്കാവുന്നതാണ്








വിമുക്തി
ലഹരി വർജ്ജന മിഷൻ
ജീവിതം തന്നെ ലഹരി

# കൗൺസിലിംഗ് സെന്ററുകൾ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ വിമുക്തി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ മേഖലാ കൗൺസിലിംഗ് സെന്ററുകൾ വഴി നേരിട്ടും ടെലഫോൺ മുഖാന്തിരവും സൗജന്യ കൗൺസിലിംഗ് ലഭ്യമാണ്. ടെലഫോൺ മുഖാന്തിരം സൗജന്യ കൗൺസിലിംഗ് നൽകുന്നതിനായി 14405 എന്ന ടോൾഫ്രീ നമ്പരും ഏർപ്പെടുത്തിയിട്ടുണ്ട്.



# സ്ത്രീകൾക്കും കുട്ടികൾക്കുമുളള ഡീ-അഡിക്ഷൻ സെന്ററുകൾ

ലഹരിക്കടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുളള 3 മേഖലാ ഡീ-അഡിക്ഷൻ സെന്ററുകൾ സജ്ജീകരിക്കുന്നു.










> വിമോചനം വിവേചനമില്ലാതെ വിമുക്തിയിലൂടെ


# വിമുക്തിയും നവ മാധ്യമങ്ങളും




വിമുക്തി

# നവമാധ്യമങ്ങളിലൂടെയും ഓൺലൈൻ വഴിയുമുള്ള പ്രവർത്തനങ്ങൾ

ലഹരിവസ്തുക്കളുടെ ദുരുപയോഗം അതിന്റെ ദോഷവശങ്ങൾ അതിന്റെ പരിഹാര മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പൊതു ജനങ്ങൾക്ക് പ്രത്യേകിച്ചും വിദ്യാർത്ഥികൾക്ക് ശരിയായ അവബോധം നൽകുന്നതിനായുള്ള പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിച്ച് വരുന്നു. ലഹരി വിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ള സന്ദേശങ്ങൾ തയ്യാറാക്കി എഫ്.എം.റേഡിയോകൾ, പ്രമുഖ ടി.വി.ചാനലുകൾ, സിനിമ തിയറ്ററുകൾ അച്ചടി മാധ്യമങ്ങൾ എന്നിവയിലൂടെയും, വിമുക്തി മിഷന്റെ വെബ് സൈറ്റ്, നവ മാധ്യമങ്ങളായ ഫെയ്സ് ബുക്ക്, വാട്സ് ആപ്പ്, യൂടൂബ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിലൂടെയും പ്രചരിപ്പിക്കുന്നുണ്ട്.



## വെബിനാറുകൾ

ലഹരിയുമായി ബന്ധപ്പെട്ട്
കാലിക പ്രസക്തിയുള്ള
വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി
സമൂഹത്തിലെ വിവിധ മേഖലകളിലെ
പ്രമുഖരെ ഉൾപ്പെടുത്തി
എല്ലാ മാസവും
വെബിനാറുകൾ

കൊറോണ മഹാമാരിയുടെ കാലത്തും ലഹരിക്കെതിരെ ഓൺലൈൻ മാധ്യമത്തിലൂടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ലോകപുക യിലവിരുദ്ധ ദിനം, വിവിധ "കുട്ടികളിലെ ലഹരി വിധേയത്വം കണ്ടെത്തലും, പരിഹാരമാർഗ്ഗങ്ങളും" എന്ന വിഷയത്തിലും, "കൗമാരക്കാരിലെ മാനസി കാരോഗ്യ പ്രശ്നങ്ങൾ","കൂടുതൽ മികവുളള രക്ഷകർത്തൃത്വം", "കൊറോ ണക്കാലത്തെ കുട്ടികളുടെ ആരോഗ്യ സംരക്ഷണം", "സംഗീതം തന്നെ ലഹരി", "കൊറോണക്കാലവും വായനയും", "കുട്ടികളിലെ ലഹരി ഉപയോഗം കണ്ടത്തലും പരിഹാരവും" തുടങ്ങിയ കാലിക പ്രസക്തിയുളള വിവിധ വിഷയങ്ങളിൽ രക്ഷകർത്താക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ, വിഷയ വിദഗ്ധർ, കലാ സാഹിത്യ രംഗത്തെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ സംഘടിപ്പിച്ചു വരുന്നു.








## ലഹരി വിരുദ്ധ ഹ്രസ്വ ചിത്രങ്ങളുടെ സി.ഡി. പ്രകാശനം

ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്കായി വിമുക്തി മിഷൻ തയ്യാറാക്കിയ ഹ്രസ്വ ചിത്രങ്ങളുടെ സി.ഡി പ്രകാശനവും തദവസരത്തിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി.സുരേഷ് കുമാർ സി.ഡി ഏറ്റുവാങ്ങി.

ലഹരി വിരുദ്ധ
ഹ്രസ്വ ചിത്രങ്ങളുടെ
മികച്ച ചിത്രീകരണത്തിലൂടെ
ലഹരിക്കെതിരെ നല്ല സന്ദേശങ്ങൾ
നൽകുവാനും
സാധാരണക്കാരിലേക്ക് അത്
എത്തിക്കുക വഴി ലഹരിമുക്തി
സാധ്യമാക്കുവാനും
വിമുക്തിക്ക്
കഴിഞ്ഞു

# യുവജനങ്ങൾക്കായി വിവിധ പ്രവർത്തനങ്ങൾ

യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് / ഗെയിംസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് "ലഹരിക്കെതിരെ കായികലഹരി" എന്ന മുദ്രാവാക്യത്തോടെ വോളിബോൾ ടൂർണമെന്റുകൾ, ഫുട്ബോൾ ടൂർണമെന്റുകൾ, ക്രിക്കറ്റ് ടൂർണമെന്റുകൾ, ഷട്ടിൽ ബാഡ്മിന്റൻ ടൂർണമെന്റുകൾ, ക്യാരംസ്, ചെസ്സ് തുടങ്ങിയ ഇനത്തിൽപ്പെട്ട മറ്റ് ടൂർണമെന്റുകൾ മുതലായ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.ലഹരിക്കെതിരെയുള്ള സന്ദേശങ്ങളുമായി എക്സൈസ് ഉദ്യോഗസ്ഥരും, വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടയുള്ള സംഘം ഭവന സന്ദർശനങ്ങൾ നടത്തി ലഘുലേഖകൾ വിതരണം ചെയ്തും, സംസ്ഥാനമൊട്ടാകെ ലഹരിക്കെതിരെ 'വിമുക്തി ജ്വാല' (ദീപം) തെളിയിച്ചും ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് സായാഹ്ന ചർച്ചകൾ സംഘടിപ്പിച്ചും ലഹരിക്കെതിരായ ആശയങ്ങൾ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിക്കെതിരെ യുവജനജനങ്ങളെ അണിനിരത്തി **'RUN AGAINST DRUGS'** എന്ന മുദ്രാവാക്യവുമായി കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഹാഫ്മാരത്തോൺ സംഘടിപ്പിച്ചിട്ടുള്ളതാണ്.
















# എൻ.എസ്.എസുമായി സഹകരിച്ചുള്ള പ്രവർത്തനം

സ്കൂൾ കോളേജ് തലത്തിൽ എൻ.എസ്.എസുമായി തീവ്രയത്ന ബോധവൽക്കരണ പരിപാടി 'ലഹരി മുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വിമുക്തി മിഷൻ 2019 നവംബർ 1 മുതൽ 'തീവ്രയത്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ നടത്തിയ ഈ ബോധവൽക്കരണ പരിപാടി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും '2019 നവംബർ 14' നു വിദ്യാർത്ഥികളും അധ്യാപകരും ലഹരി വിരുദ്ധ സന്ദേശമടങ്ങിയ ബാഡ്ജ് ധരിക്കുകയും, ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു.






# കുടുംബശ്രീയുമായി സഹകരിച്ചുള്ള പ്രവർത്തനം

ലഹരിക്കെതിരെ സ്ത്രീകളുടെ ഒരു കൂട്ടായ്മ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വിമുക്തി മിഷൻ കുടുംബശ്രീയുമായി ചേർന്ന് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. വാർഡ് തലത്തിൽ അയൽക്കൂട്ടം മുഖേന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, വിവിധ പരിപാടികളിൽ കുടുംബശ്രീ നടത്തുന്ന പവലിയനുകളിൽ ലഹരിക്കെതിരെയുള്ള സന്ദേശം പ്രദർശിപ്പിക്കുന്നു.



വിമുക്തി
ലഹരി വർജ്ജന മിഷൻ
ജീവിതം തന്നെ ലഹരി

# മെഡിക്കൽ ക്യാമ്പ്

2021 സെപ്റ്റംബർ 29 ലോക ഹൃദയ ദിനത്തിൽ ലഹരിവർജ്ജന മിഷൻ വിമുക്തിയുടെയും നെയ്യാറ്റിൻകര NIMS മെഡിസിറ്റി ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നെടുമങ്ങാട് ഗവൺമെൻറ് കോളേജിലെ NSS യൂണിറ്റിന്റെ സഹകരണത്തോടെ നടത്തുന്ന സൗജന്യ മെഡിക്കൽ ക്യാമ്പും SSLC വിജയികളെ ആദരിക്കലും. ആദിവാസിമേഖലകളിൽ ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുമ്പോൾ തന്നെ അവരുടെ ലഹരി ഉപേക്ഷിക്കുന്നതിനും അവരെ ആരോഗ്യസംരക്ഷണത്തിന് പ്രേരിപ്പിക്കുന്നതിനുമായി ആദിവാസിമേഖലകളിൽ ലോകഹൃദയ ദിനത്തിലും ലോകമാനസികാരോഗ്യ ദിനത്തിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ ജില്ലകളിൽ നടത്തിയ സൗജന്യ ജീവിത ശൈലി രോഗ നിർണയ ക്യാമ്പും. ഇടുക്കി ജനമൈത്രി എക്സൈസ് ഓഫീസിന്റെ 'ഹൃദയപൂർവ്വം എക്സൈസ്' എന്ന പേരിൽ ലഹരി വിരുദ്ധ സെമിനാറും സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പും ജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.










വിമുക്തി

# ലഹരി വിരുദ്ധ സൈക്കിൾ റാലി

യുവാക്കളിലൂടെ ലഹരിക്കെതിരെയുള്ള സന്ദേശം വ്യാപകമാക്കുന്നതിനായി സംസ്ഥാനത്തെ റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് യുവജനങ്ങളുടെ സൈക്കിൾ റാലി നടത്തി. റസിഡന്റ്സ് അസോസിയേഷന്റെ പരിസര പ്രദേശങ്ങളിൽ ലഹരിക്കെതിരെയുള്ള സന്ദേശ ബോർഡുകളും ലഘുലേഖകളുമായിട്ടാണ് സൈക്കിൾ റാലി നടത്തിയത്.

ലഹരി വിരുദ്ധ സൈക്കിൾ റാലി കവടിയാർ സ്ക്വയറിൽ നിന്നും ബഹു. എം.എൽ.എ അഡ്വ.വി.കെ. പ്രശാന്ത് ഫ്ളാഗ് ഓഫ് ചെയ്തു.





# കലാമത്സരങ്ങൾ രചനാ മത്സരങ്ങൾ

ലഹരി ഉപയോഗത്തിന്റെ പാതയിലേക്ക് പോകാതെ തന്റെ സർഗ്ഗ ശേഷികൾ തിരിച്ചറിഞ്ഞ് ഉത്തമ പൗരന്മാരായി കുട്ടികളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യംമുൻനിർത്തി വിമുക്തിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ റേഞ്ച് അടിസ്ഥാനത്തിൽ സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഉപന്യാസ രചന, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ പോസ്റ്റർ രചന, പ്രസംഗ മത്സരം തുടങ്ങി വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ചിന്ത പകരുന്നതും സൃഷ്ടോന്മുഖവുമായ മത്സരങ്ങൾ സംഘടിപ്പിച്ച് പ്രോത്സാഹനാർത്ഥം സമ്മാനങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി. മത്സരങ്ങൾ എന്നതിലുപരി പങ്കെടുക്കുന്നവരിലും മത്സര സൃഷ്ടികളായ ഉപന്യാസങ്ങൾ, ചിത്രങ്ങൾ, കയ്യെഴുത്തുമാസികകൾ എന്നിവയുമായി സംവേദിക്കുന്നവരിലും ലഹരി വിരുദ്ധ ആശയങ്ങൾ രൂപപ്പെടുത്താൻ മേൽപ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്



ഇതിന്റെ ഭാഗമായി സംസ്ഥാനത്താകെ ലഹരി വിരുദ്ധ സന്ദേശം നൽകാൻ ഉതകും വിധം 207 ഉപന്യാസ രചന മത്സരങ്ങൾ, 225 ചിത്രരചനാ മത്സരങ്ങൾ, 54 കയ്യെഴുത്ത് മാസിക തയ്യാറാക്കൽ മത്സരങ്ങൾ, പ്രസംഗം, പെയിന്റിംഗ് തുടങ്ങിയ മറ്റ് 66 മത്സരങ്ങൾ എന്നിവയും നടത്തുകയുണ്ടായി



# ഫിറ്റ്നസ് സെന്ററുകൾ

ആദിവാസി മേഖലകളിലേയും തീരദേശ മേഖലകളിലേയും കുട്ടികളേയും യുവാക്കളേയും കായിക പരിശീലനത്തിലൂടെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലഹരിയുടെയും മറ്റു ദുശ്ശീലങ്ങളുടെയും വലയിൽ അകപ്പെടാതെ ആദിവാസി തീരദേശ മേഖലകളിലെ കുട്ടികളുടെയും യുവാക്കളുടെയും ശ്രദ്ധ കായിക പരിശീലനങ്ങളിൽ കേന്ദ്രീകരിക്കുവാനും അതുവഴി ലഹരിമുക്തമായ തലമുറയെ വാർത്തെടുക്കുവാനും വിമുക്തിയുടെ ഫിറ്റ്നസ് സെന്ററുകൾ വഴി സാധ്യമായി എന്നത് നിസംശയം പറയുവാൻ കഴിയും

ജീവിതമാണ് ലഹരി

അടിമപ്പെടുന്നതിനപ്പുറം
ആർജിച്ചെടുക്കുന്നതിലാണ്
കാര്യം







# ബോധ വത്കരണ മൊബൈൽ യൂണിറ്റ്

ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി വാങ്ങിയ ബസ് പുനക്രമീകരണം നടത്തി ദൃശ്യ–ശ്രവ്യ–മൊബൈൽ യൂണിറ്റായി ഉപയോഗപ്രദമാക്കി മൊബൈൽ യൂണിറ്റിൽ ബോധവത്കരണ ഉപാധികളും ലഹരി വിരുദ്ധ സന്ദേശ വീഡിയോകൾ പ്രദർശിപ്പിക്കുന്നതിനായി ടീവിയും സന്ദേശ പ്രചരണാർത്ഥം ശബ്ദസംവിധാനം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാലയങ്ങളിലും മറ്റ് പൊതുയിടങ്ങളിലും ഫലപ്രദമായ വിധത്തിൽ ബോധവത്കരണത്തിന് യൂണിറ്റ് പര്യാപ്തമാണ്



# ഓൺലൈൻ മത്സരങ്ങൾ

വിദ്യാർത്ഥികളിൽ വിവിധ അഭിരുചികൾ വളർത്തുന്നതിനും നല്ലതും ചീത്തയും തിരിച്ചറിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ ഊർജ്ജസ്വലതയും, ചിന്തകളും പ്രവർത്തികളും കർമ്മശേഷിയും ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ചു വിടുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളിൽ ലഹരിക്കെതിരെയുള്ള ചിന്ത വളർത്തുന്നതിന് ലോകപുകയില വിരുദ്ധ ദിനം, വായനാദിനം, അന്താരാഷ്ട്രലഹരി വിരുദ്ധ ദിനം, ഗാന്ധിജയന്തി തുടങ്ങിയ വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് 'ജീവിതം തന്നെ ലഹരി' എന്ന വിഷയത്തിൽ ചിത്ര രചന, ചെറുകഥാ രചന, കവിതാ രചന, എന്നീ മത്സരങ്ങളും, പ്രസംഗ മത്സരം, ഡിബേറ്റ് മത്സരം, ട്രോൾ ഇമേജ് തയ്യാറാക്കൽ, ഹ്രസ്വചിത്ര മത്സരം തുടങ്ങിയവയും സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനമായി ട്രോഫിയും സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും നൽകുന്നു.











# പുതിയ പദ്ധതികൾ

വിമുക്തി ത്വരിത സേവന വിഭാഗം,
ലഹരിക്കടിമപ്പെട്ടവർക്ക് പുനരധിവാസ കേന്ദ്രങ്ങൾ
താലൂക്ക്തല ഡീ–അഡിക്ഷൻ സെന്റർ
എല്ലാ ജില്ലയിലും കൗൺസെലിംഗ് സെന്ററുകൾ
എന്നിവ വിമുക്തിയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുന്നു



## വിമുക്തി ത്വരിത സേവന വിഭാഗം (Vimukthi Response Team-VRT )

ലഹരിമോചന ചികിത്സക്ക് വൈമുഖ്യം കാണിക്കുന്ന ലഹരിക്കടിമപ്പെട്ടവരെ ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഓരോ ജില്ലയിലും ഒരു വാഹനം ഉൾപ്പെടുന്ന ഒരു പ്രത്യേക സംഘത്തിന് (വിമുക്തി ത്വരിത സേവന വിഭാഗം) രൂപം നൽകുന്നു. ഇതിലൂടെ ലഹരി മോചന ചികിത്സക്ക് വൈമുഖ്യം കാണിക്കുന്ന ലഹരിക്കടിമപ്പെട്ടവരെ യഥാസമയം വിമുക്തി കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് സാധിക്കുകയും യഥാസമയം ഈ പ്രശ്നത്തിൽ ഇപെടുന്നതോടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന വലിയ കുറ്റകൃത്യങ്ങളോ മറ്റ് അപകടങ്ങളോ തന്നെ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

## ലഹരിക്കടിമപ്പെട്ടവർക്ക് പുനരധിവാസ കേന്ദ്രങ്ങൾ

സംസ്ഥാനത്ത് 3 മേഖലകളിൽ ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകിയ ശേഷം അവരെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. യോഗ സെന്റർ, തൊഴിൽ പരിശീന കേന്ദ്രങ്ങൾ, ലൈബ്രറി സൗകര്യം, കായിക പരിശീലന സൗകര്യങ്ങൾ മുതലായവ ഇതിൽ ഉൾപ്പെടുന്നു

## താലൂക്ക്തല ഡീ–അഡിക്ഷൻ സെന്റർ

ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി ആരംഭത്തിലേ തന്നെ ചികിത്സ നൽകുന്നതിന് എല്ലാ താലൂക്കുകളിലും ഡീ–അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുക എന്നതാണ് വിമുക്തി മിഷന്റെ ലക്ഷ്യം. എല്ലാ ജില്ലകളിലും കുറഞ്ഞത് രണ്ട് ഡീ–അഡിക്ഷൻ സെന്ററുകൾ കൂടിയെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയതായി രണ്ടു സെന്ററുകൾ കൂടി ആരംഭിക്കുന്നതോടെ ഒരു ജില്ലയിൽ നിലവിലുള്ളത് ഉൾപ്പെടെ ആകെ 3 ഡീ–അഡിക്ഷൻ സെന്ററുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ജില്ലയിൽ എല്ലാ മേഖലയിൽ താമസിക്കുന്നവർക്കും ലഹരിമോചന ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനാണ് വിമുക്തി മിഷൻ ലക്ഷ്യമിടുന്നത്.

## എല്ലാ ജില്ലയിലും കൗൺസലിംഗ് സെന്ററുകൾ

പഞ്ചായത്ത് തലത്തിൽ ലഹരി ഉപയോഗ സാധ്യതയുള്ളതായോ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായോ കണ്ടെത്തപ്പെടുന്നവർക്ക് വിദഗ്ദ്ധ കൗൺസലിംഗ് നൽകേണ്ടതുണ്ട്. ആയതിലേക്കായി എല്ലാ ജില്ലകളിലും വിദഗ്ധ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിൽ പ്രശ്നസാധ്യയുള്ളതായി കണ്ടെത്തപ്പെടുന്നവർക്കും അവരുടെ കുടംബാംഗങ്ങൾക്കും കൗൺസെലർ മാരുടെ സേവനം ഉപയോഗിച്ച് ആവശ്യമായ കൗൺസലിംഗ് നൽകുന്നതാണ്. ഇത് ദീർഘകാല അടിസ്ഥാനത്തിലുള്ള ഒരു പ്രക്രിയ ആണ്. ലഹരി ഉപയോഗിക്കുന്നവരെ നിരന്തരമാ യകൗൺസലിങ്ങിലൂടെയും സാന്ത്വന പരിചരണ ത്തി ലൂടെയുംമാത്രമേ തിരികെ ജീവിതത്തിലേക്ക് കൊണ്ടു വരാൻ സാധിക്കുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. ആയതിലേക്കായി എല്ലാ ജില്ലകളിലും കൗൺസെലിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം,എറണാകുളം , കോഴിക്കോട് എന്നീ ജില്ലകളിൽ കൗൺസലിംഗ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നതിനാൽ മറ്റ് 11 ജില്ലകളിൽ കൂടി കൗൺസലിംങ്ങ് സെന്റ റുകൾ ആരംഭിക്കു ന്നതാണ്.








## വിമുക്തി ഡി അഡിക്ഷൻ സെൻറുകളുടെ ഫോൺ നമ്പർ

| | | |
|---|---|---|
| തിരുവനന്തപുരം | – | 9400069409 |
| കൊല്ലം | – | 9400069441 |
| പത്തനംതിട്ട | – | 9400069468 |
| ആലപ്പുഴ | – | 9400069488 |
| കോട്ടയം | – | 9400069511 |
| ഇടുക്കി | – | 9400069532 |
| എറണാകുളം | – | 9400069564 |
| തൃശ്ശൂർ | – | 9400069589 |
| പാലക്കാട് | – | 9400069588 |
| മലപ്പുറം | – | 9400069646 |
| കോഴിക്കോട് | – | 9400069675 |
| വയനാട് | – | 9400069663 |
| കണ്ണൂർ | – | 9400069695 |
| കാസർഗോഡ് | – | 9400069723 |

## കൗൺസിലിംഗ് സെന്ററുകൾ

| | | |
|---|---|---|
| ടോൾ ഫ്രീ നമ്പർ | 14405 | |
| തിരുവനന്തപുരം | 94000 22 100 | 94000 33 100 |
| എറണാകുളം | 91885 201 88 | 91885 201 99 |
| കോഴിക്കോട് | 9188 46 8494 | 9188 45 8494 |

